| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| രണ്ടാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 461 * | | 24.10.2016 -ൽ മറുപടിയ്ക്ക് | |
| സമഗ്ര ശിശു സംരക്ഷണ പദ്ധതി | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ കെ.വി. വിജയദാസ്<br>ശ്രീ .എസ്. ശർമ്മ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സമഗ്ര ശിശു സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. സർക്കാർ നടപ്പിലാക്കി വന്നിരുന്ന വിവിധ ശിശുസംരക്ഷണ പദ്ധതികളും സംവിധാനങ്ങളും ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനായി 2009-2010 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി (Integrated Child Protection Scheme). ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളവർ, നിയമവുമായി പൊരുത്തപ്പെടാത്തവർ എന്നീ വിഭാഗത്തിൽ പെടുന്ന കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. കുട്ടികളുടെ അവകാശ സംരക്ഷണം, കുട്ടികളുടെ ഉത്തമ താൽപര്യം സംരക്ഷിക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ അടിസ്ഥാന തത്വങ്ങൾ. കുട്ടികൾക്ക് സുരക്ഷിതമായ സാഹചര്യം സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം.<br><br>ഐ.സി.പി.എസ്. പദ്ധതി സംസ്ഥാനത്ത് 2009-2010 സാമ്പത്തിക വർഷം മുതൽ തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി സൊസൈറ്റി സമ്പ്രദായത്തിൽ നടപ്പിലാക്കാനാണ് കേന്ദ്രസർക്കാർ നിർദ്ദേശം. അതനുസരിച്ച് ഐ.സി.പി.എസ്. പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിലേയ്ക്ക്വേണ്ടി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി 2011 ൽ രജിസ്റ്റർ ചെയ്തു. ഇപ്പോൾ പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാണ്. ഇതിന്റെ ഘടകങ്ങൾ എല്ലാം തന്നെ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്നും പദ്ധതിയുടെ സംസ്ഥാന വിഹിതം എത്രയെന്നും വിശദമാക്കാമോ; | (ബി) | ഐ.സി.പി.എസ്.ന്റെ ഘടകങ്ങളും അവയുടെ<br><br>സംസ്ഥാന വിഹിതവും താഴെ ചേർക്കുന്നു<br><br>(1) സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി40 %<br>(2) സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി. 40 %<br>(3) ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ 40 %<br>(4) ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ 65%<br>(5) ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ 65%<br>(6) സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് 100%.<br>(7) ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങൾ 40% |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് വിഷമകരമായ സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികളെ<br><br>കണ്ടെത്തുന്നതിലേക്കായി<br><br>Vulnerability mapping നടത്താൻ ഉദ്ദേശിക്കുന്നു.<br><br>സംസ്ഥാനം ബാലസൗഹൃദമാക്കുക<br><br>എന്ന ഉദ്ദേശത്തോടെ ബാല |

| | | | |
|---|---|---|---|
| | | | സുരക്ഷാ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സ്വഭാവ വ്യതിയാനമുള്ള കുട്ടികളെ കണ്ടുപിടിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 93 സ്കൂളുകൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഇത് പൂർണ്ണമായും സംസ്ഥാനഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ